# അക്കാദമിക
# മാസ്റ്റർപ്ലാൻ
# 2025-26

## ആലച്ചേരി യു.പി
## സ്കൂൾ

ACE Scanner

# ആമുഖം

## പൊതു വിദ്യാലയങ്ങൾ - മികവിന്റെ കേന്ദ്രങ്ങളായി മാറുന്നു.

പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി, നമ്മുടെ പൊതുവിദ്യാലയങ്ങളെ ഗുണനിലവാരത്തിൽ മുൻപന്തിയിൽ നിർത്തുന്നതിന് ആവശ്യമായ അക്കാദമിക ഇടപെടലുകൾ ആസൂത്രണം ചെയ്യുന്നതിനാണ് ഓരോ വിദ്യാലയങ്ങളും അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നത്. ആധുനിക വിദ്യാഭ്യാസ സാഹചര്യങ്ങൾക്കനുസരിച്ചും പുതുതായി നടപ്പാക്കുന്ന വിദ്യാഭ്യാസ നയങ്ങൾക്കനുസരിച്ചും കുട്ടികളുടെ ഭൗതിക മാനസിക വളർച്ചയ്ക്ക് സഹായകമാവുന്ന രീതിയിലാണ് ഈ പദ്ധതി രൂപകല്പന ചെയ്തിരുന്നത്.

പൊതുവിദ്യാഭ്യാസത്തെ മികച്ച രീതിയിൽ മുന്നോട്ടുകൊണ്ടുപോകാനും എല്ലാ കുട്ടികൾക്കും നിലവാരമുള്ള വിദ്യാഭ്യാസം ഉറപ്പാക്കാനും ആണ് ഈ മാസ്റ്റർപ്ലാനിന്റെ പ്രധാന ലക്ഷ്യം. എല്ലാ പൊതുവിദ്യാലയങ്ങളെയും മികവിന്റെ മാതൃകകളാക്കിമാറ്റുക എന്ന ലക്ഷ്യത്തോടെ

ഒരുക്കുന്ന ഈ മാസ്റ്റർപ്ലാൻ, വിദ്യാലയത്തിന് മികച്ച വഴികാട്ടിയാവുമെന്ന് ഉറപ്പാണ്. സജീവമായ പി.ടി.എ, എം. പി.ടി. എ, അധ്യാപക സംഘം, രക്ഷിതാക്കൾ, പൊതുസമൂഹം എന്നിവരുടെ സഹകരണത്തോടെ പുതിയ വിദ്യാഭ്യാസ വർഷത്തിലും മികവിന്റെ പാതയിൽ തുടരണം എന്ന ദൃഢ പ്രതിജ്ഞയോടെയാണ് ഈ പ്ലാൻ തയ്യാറാക്കിയിരിക്കുന്നത്.

വിദ്യാലയത്തെ കൂടുതൽ മെച്ചപ്പെടുത്തുന്നതിനും കുട്ടികളുടെ സമഗ്ര പുരോഗതിക്കുമായി തയ്യാറാക്കിയിരിക്കുന്ന ഈ അക്കാദമിക മാസ്റ്റർപ്ലാൻ അതിന്റെ ഉദ്ദേശങ്ങൾ നേടിയെടുക്കുമെന്ന് ഉറപ്പോടെയും അഭിമാനത്തോടെയും സമർപ്പിക്കുന്നു.

## പൊതുലക്ഷ്യങ്ങൾ:

× സ്കൂളിലെത്തുന്ന മുഴുവൻ കുട്ടികൾക്കും അതാത് ക്ലാസിൽ നേടേണ്ട പഠനശേഷികൾ കൈവരിച്ചുവെന്ന് ഉറപ്പുവരുത്തുക.

× എല്ലാ കുട്ടികൾക്കും മലയാളം, ഇംഗ്ലീഷ്, ഹിന്ദി ഭാഷകളിൽ എഴുതാനും വായിക്കാനുമുള്ള കഴിവ് ഉറപ്പുവരുത്തുക.

× വായന ഒരു സംസ്കാരമായി വളർത്തുന്നതിനാവശ്യമായ പ്രവർത്തനങ്ങൾ ഒരുക്കും.

× കുട്ടികളുടെ അഭിരുചി, കഴിവ് എന്നിവയ്ക്ക് പരമാവധി പ്രോത്സാഹനവും പരിശീലനവും ലഭ്യമാക്കും.

× വിദ്യാലയം ഒരു പാഠപുസ്തകം – എന്ന ആശയം മുൻനിർത്തി അറിവ് നിർമ്മാണ ഇടങ്ങളാക്കി സ്കൂൾ പരിസരം മാറ്റും.

× ആശയ പ്രകടനശേഷി വർധിപ്പിക്കാൻ സഹായകമായ രീതിയിൽ വിദ്യാലയ പ്രവർത്തനങ്ങൾ സംഘടിപ്പിക്കും. അന്വേഷിയായ ഒരു വിദ്യാർത്ഥി സമൂഹത്തെ സൃഷ്ടിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഒരുക്കും.

× മാലിന്യമുക്ത വിദ്യാലയം, എന്ന ആശയം പാലിച്ച് സമ്പൂർണ്ണ പ്ലാസ്റ്റിക് നിരോധനം, ശുചിത്വ വെയ്സ്റ്റ് മാനേജ്മെന്റ്, മലിനജല നിർമ്മാർജ്ജനം തുടങ്ങിയവ കൃത്യമായി നടപ്പാക്കും.

× പോക്സോ സംബന്ധമായ ബോധവത്കരണം.

× ലഹരി, മൊബൈൽ അഡിക്ഷൻ തുടങ്ങിയവയ്ക്കെ

ഇതര സൗകര്യങ്ങൾ.

* സയൻസ് ലാബ്, കമ്പ്യൂട്ടർ ലാബ് സജ്ജീകരിക്കും.

| നേട്ടങ്ങൾ | പരിമിതികൾ |
| --- | --- |
| * അക്കാദമിക പ്രവർത്തനങ്ങൾ മികച്ച രീതിയിൽ സംഘടിപ്പിക്കുന്ന മികവുറ്റ അധ്യാപക സമൂഹം.<br>* നവീകരിച്ച കെട്ടിടം.<br>* ലൈബ്രറി, ലാബ്, കമ്പ്യൂട്ടർ പഠന സൗകര്യം.<br>* കുട്ടികളുടെ കഴിവ്, അഭിരുചി പരിഗണിച്ച് പ്രവർത്തനങ്ങൾ നൽകുന്നു.<br>* കലാ - പ്രവൃത്തി - പരിചയ, കായികപഠനം എന്നിവയ്ക്ക് പരിശീലനം നൽകുന്നു<br>* പാഠ്യേതര പ്രവർത്തനങ്ങൾ, ദിനാചരണങ്ങൾ തുടങ്ങിയവ മികവുറ്റ രീതിയിൽ നടപ്പാക്കും.<br>* ജനാധിപത്യ രീതിയിലുള്ള തെരഞ്ഞെടുപ്പ്.<br>* സർഗ്ഗാത്മക വേദികൾ, ആശയ പ്രകടന വേദികൾ എന്നിവയെ പ്രോത്സാഹിപ്പിക്കുന്നു. | * മുഴുവൻ കുട്ടികൾക്കും ഭാഷാശേഷി, ഗണിതശേഷി എന്നിവ കൈവരിക്കാൻ കഴിഞ്ഞിട്ടില്ല.<br>* വായനയ്ക്ക് നല്ല പ്രോത്സാഹനം നൽകുന്നുണ്ടെങ്കിലും നന്നായി പുസ്തകം വായിക്കുന്നവരുടെ എണ്ണം കുറവാണ്.<br>* പിന്നോക്കക്കാരായ മുഴുവൻ കുട്ടികളെയും മുന്നോട്ടെത്തിക്കാൻ ശ്രമിച്ചെങ്കിലും കുറച്ചുപേരിൽ മാത്രമേ മാറ്റം കാണാൻ കഴിഞ്ഞുള്ളൂ. |

ACE Scanner

# മലയാളം

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തിക പിന്തുണ | മോണിറ്ററിംഗ് |
|---|---|---|---|---|---|---|
| 1 | ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കുക എല്ലാവരെയും എഴുത്തും വായനയും അറിയുന്നവരാക്കി മാറ്റുക. | പ്രീ ടെസ്റ്റ്, അക്ഷരം ചിഹ്നം ഉറപ്പിക്കൽ അക്ഷര കാർഡ്, പദ കാർഡ് വാക്കുകൾ, വാക്യങ്ങൾ നിർമ്മിക്കൽ ചിത്രം, അടിക്കുറിപ്പ് കഥപറയൽ, കഥ എഴുതൽ, കഥയുടെ ബാക്കി എഴുതൽ കഥാപുസ്തകം നൽകൽ, ഭാഷാപരമായി പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേക ക്ലാസ് അമ്മമാരെ ബോധവൽക്കരിക്കൽ. | ജൂൺ സെപ്തംബർ | ക്ലാസ് ടീച്ചർ | എസ്. ആർ. ജി. പി.ടി.എ ഐ. ഇ ഡി. സി ടീച്ചർ | എച്ച്. എം |
| 2. | കുട്ടിയെ മികച്ച വായനക്കാരനാക്കി മാറ്റുക. നല്ല വായനക്കാരെ സൃഷ്ടിക്കുക വായനയുടെ വിവിധതലങ്ങൾ പരിചയപ്പെടുത്തുക. | വായനാമൂല, ക്ലാസ് ലൈബ്രറി രൂപീകരണം, പത്രവായന, പുസ്തക ചർച്ച, വായനാക്കുറിപ്പ് തയ്യാറാക്കൽ പതിപ്പ് നിർമ്മാണം. വിദ്യാരംഗം കലാസാഹിത്യ വേദി പ്രവർത്തനം. ആനുകാലിക പ്രസിദ്ധീകരണങ്ങളും വായനയും. ദിനാചരണങ്ങൾ ആസ്വാദകരമായ വായന, ഇ-വായന സാഹിത്യകാരന്മാരുമായുള്ള അഭിമുഖം. | ജൂലായ് മാർച്ച് | ക്ലാസ് ടീച്ചർ | എസ്. ആർ. ജി. പി.ടി. എ | എച്ച് എം. |

ACE Scanner

| | | | | | | |
|---|---|---|---|---|---|---|
| 3. | കുട്ടിയെ സ്വയം വിമർശകനും വിമർശ നിരൂപകനുമാക്കുക. സാഹിത്യകാരന്മാരെയും വിവിധ മേഖലകളിലുള്ള രചനകളെയും പരിചയപ്പെടുക. സാഹിത്യകാരന്മാരുമായുള്ള സംവാദം, അഭിമുഖം എന്നിവ സംഘടിപ്പിക്കൽ | സ്വയം രചനകളിൽ ഏർപ്പെടുന്നു. വിലയിരുത്തുന്നു. മെച്ചപ്പെടുത്താൻ കരുതുന്ന വഴികൾ കണ്ടെത്തുന്നു. സഹപാഠികളുടെയും അധ്യാപകരുടെയും അഭിപ്രായം സാഹിത്യ ശിൽപശാല, സഹപാഠികളുടെ രചന വായിച്ചു വിലയിരുത്തുന്നു. ആവശ്യമായ തിരുത്തലുകൾ ചൂണ്ടിക്കാണിക്കുന്നു. മെച്ചപ്പെടുത്താനുള്ള നിർദേശങ്ങൾ മുന്നോട്ട് വെക്കുന്നു. മികച്ചവ കണ്ടെത്തുന്നു. | ജൂലായ് മാർച്ച് | ക്ലാസ് ടീച്ചർ | ക്ലാസ് തല പിടിഎ | [illegible] |
| 4. | കുട്ടിയെ മികച്ച എഴുത്തുകാരനാക്കി മാറ്റുക. എഴുത്തിന്റെ വിവിധ തലങ്ങൾ പരിചയപ്പെടുക. രചനകൾ കുറ്റമറ്റതാക്കുക. സർഗശേഷികൾ പ്രോത്സാഹിപ്പിക്കുക. | ചുമർ പത്രിക, പത്രിക തയ്യാറാക്കൽ സർഗ സൃഷ്ടികളുടെ പുസ്തകം തയ്യാറാക്കൽ, വായനക്കുറിപ്പ്, ആസ്വാദനക്കുറിപ്പ്, പൊതുവേദികളിൽ സംസാരിക്കാനുള്ള കഴിവ്, വ്യക്തിഗത രചന, സംഘരചന, സാഹിത്യകാരന്മാരുമായുള്ള സംവാദം രചയിതാക്കളെ പരിചയപ്പെടുത്തൽ, എഴുത്തുകാരുടെ കൃതി ശേഖരണം, പുസ്തക ചർച്ച, ക്ലാസ് ലൈബ്രറി, വായനക്കുറിപ്പ്, പതിപ്പ്. | ജൂലായ് മാർച്ച്. | ക്ലാസ് ടീച്ചർ | ക്ലാസ് തല പിടിഎ | [illegible] |

| Sl NO | Aims | Activities | class | Period | Suppo[rt] |
|---|---|---|---|---|---|
| 1. | To develop the ability to hear English language with proper pronunciation and to attain the ability to speak fluently. | To create English atmosphere in School Premises. Directions are to be given in English both inside and outside of the class room. Teachers should provide maximum English exposure in the class room and outside. To conduct English assembly thrice in a month. | 1-7 | June to March | Engl[ish] Teach[er] an[d] All Tea[chers] SR[G] |
| 2. | To lead the children into the World of English through reading. | To provide simple English story books, rhymes. To ensure the children to read English newspaper. To create English reading corner with the help of library. News reading in School Assembly. | 1-7 | June to March | Engl[ish] Teach[er] |
| 3 | To ensure all the students to write effectively. | Five new words a day. Vocabulary puzzle Dictionary development. English diary. | 1-7 | June to March | Eng[lish] Teac[her] |

PDF Scanner ACE Scanner

| | | | | | |
|---|---|---|---|---|---|
| 4 | To encourage the skills through English club activity | English day celebration. (skit, speech story telling, drama, English magazine ) | 5-7 | September to February | English Teacher & PTA SRG |
| 5 | To attain all curriculam objectives related English class. | Curriculam transactions would be made through ICT to make the activity easily and attractive | 1-7 | June to March | English Teacher |
| | To enable the children to use ICT in English class. | Use of dictionary through ICT. To use word card play. watching animated cartoons, simple English stories, simple rhymes and poems, drama. | 5-7 | June to March | English Teacher. SRG |

ACE Scanner

# ഹിന്ദി

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തിക പിന്തുണ | [illegible] |
| --- | --- | --- | --- | --- | --- | --- |
| 1. | എല്ലാ കുട്ടികൾക്കും ഹിന്ദി ഭാഷ സംബന്ധിച്ചുള്ള കഴിവ് വർദ്ധിപ്പിക്കുക. | ഓരോ മാസത്തിലും അടുത്ത ദിനം ഹിന്ദി സംബന്ധി സംഘടിപ്പിക്കൽ. നിർദ്ദേശങ്ങൾ ഹിന്ദിയിൽ നൽകൽ. | ജൂലൈ മാർച്ച് | ഹിന്ദി ടീച്ചർ | സ്കൂൾ ഫണ്ട് പി.ടി.എ | [illegible] |
| 2. | ഹിന്ദി ഭാഷാ പഠനം ലളിതവും രസകരവും ആകർഷകവും ആക്കുന്നതിനുള്ള പ്രവർത്തനങ്ങൾ. | അക്ഷര വൃക്ഷം നിർമ്മിക്കൽ. വാക്കുകളുടെ പെട്ടിയൊരുക്കൽ. പദ പ്രശ്നം നിർമ്മിക്കൽ. ഓരോ ആഴ്ചയിലും പുതിയ വാക്കുകൾ പരിചയപ്പെടുത്തൽ. | ജൂലൈ മാർച്ച് | ഹിന്ദി ടീച്ചർ | സ്കൂൾ ഫണ്ട് | [illegible] |
| 3 | ഹിന്ദി ഭാഷ ഫലപ്രദമായി വായിക്കാനുള്ള കഴിവ് വർദ്ധിപ്പിക്കുക. | ചിത്രം നോക്കി വാക്കുകൾ പറയൽ. കഥകളും കവിതകളും വായിച്ച് കേൾപ്പിക്കൽ, കവിതക്ക് ഈണം നൽകൽ, ഉറക്കെ വായിക്കൽ. | ജൂലൈ മാർച്ച് | ഹിന്ദി ടീച്ചർ | സ്കൂൾ ഫണ്ട് | [illegible] |
| 4. | ഹിന്ദി ഭാഷ ഫലപ്രദമായി എഴുതുവാനുള്ള കഴിവ് വർദ്ധിപ്പിക്കുക. | കോപ്പി ബുക്ക് എഴുതൽ (ഹോം വർക്ക് ദിവസങ്ങൾ) ഹിന്ദി നോട്ട് ബുക്ക് അക്ഷരമാല കാർഡുകളുടെ സഹായത്തോടെ) | ജൂലൈ മാർച്ച് | ഹിന്ദി ടീച്ചർ | സ്കൂൾ ഫണ്ട് | [illegible] |
| 5. | ഓരോ കുട്ടിയിലും ഉറപ്പുവരുത്തേണ്ട പഠന നേട്ടങ്ങൾ എല്ലാ കുട്ടികളും നേടിയെന്ന് ഉറപ്പാക്കുക. | പഠനഭാഗങ്ങൾ ഐ.സി.ടി സഹായത്തോടെ ലളിതമാക്കൽ. യൂണിറ്റ് ടെസ്റ്റ് നടത്തൽ | ജൂലൈ മാർച്ച് | ഹിന്ദി ടീച്ചർ | സ്കൂൾ ഫണ്ട് | [illegible] |

| ക്ര. നമ്പർ | ലക്ഷ്യം | ഉപ പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തിക പിന്തുണ | റെക്കോർഡ് |
|---|---|---|---|---|---|---|
| 6 | ഹിന്ദി ക്ലബ് പ്രവർത്തനം കാര്യക്ഷമമാക്കൽ | ഹിന്ദി ക്ലബ്ബിന്റെ നേതൃത്വത്തിൽ ദിനാചരണങ്ങൾ, ക്ലാസ് റൂം പ്രവർത്തനങ്ങൾ, ക്വിസ് ഉത്സവം, പോസ്റ്റർ രചന എന്നിവ ഒരുക്കൽ. | ജൂലൈ മാസം | ഹിന്ദി ടീച്ചർ | സ്പോൺസർ പി.ടി.എ | ഫോട്ടോ |
| 7. | ഹിന്ദി ഫെസ്റ്റ് | വായനാ ഉത്സവം, രചനാ ഉത്സവം, പ്രസംഗ ഉത്സവം. കവിതാ പാരായണം, സ്കിറ്റ്, ഹിന്ദി നാടകങ്ങൾ, ഡോക്യുമെന്ററി, ടെലിഫിലിം കാണാനുള്ള അവസരം. | ജൂലൈ മാസം | ഹിന്ദി ടീച്ചർ | സ്പോൺസർ പി.ടി.എ | ഫോട്ടോ. |
| 8. | ഹിന്ദി ഭാഷാ പഠന മികവ് കുട്ടികളിൽ ദിനംപ്രതി ഉറപ്പുവരുത്താനും ദേശസ്നേഹവും വളർത്തിയെടുക്കുക. | സൂക്തങ്ങൾ, ഹിന്ദി സാഹിത്യകാരന്മാർ, എന്നിവരുടെ ചിത്രങ്ങൾ ശേഖരിച്ച് വിവരണ കുറിപ്പ് തയ്യാറാക്കൽ. ദേശീയഗാനം, പ്രതിജ്ഞ, ദേശഭക്തിഗാനം, ഹിന്ദി വാർത്തകൾ സ്വാതന്ത്ര്യദിന പതിപ്പ് എന്നിവ നിർമ്മാണം. | | | | |

# സാമൂഹ്യശാസ്ത്രം - പൊതു ലക്ഷ്യങ്ങൾ

1. കുട്ടികളിൽ സാംസ്കാരിക ചരിത്രബോധം വളർത്തുക
2. പ്രകൃതി വിഭവങ്ങളുടെ ശരിയായ ഉപയോഗം, പരിസ്ഥിതി സംരക്ഷണം, പ്രകൃതി ദുരന്ത നിവാരണ പ്രവർത്തനം, പ്രകൃതിയും മനുഷ്യനും തമ്മിലുള്ള ബന്ധം എന്നിവയെക്കുറിച്ച് ബോധവാന്മാരാക്കുക.
3. അക്കാദമിക പ്രവർത്തനങ്ങളിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളുടെ നിലവാരം ഉയർത്തുക.
4. നാടിനെ അറിയുക, സാമൂഹ്യശാസ്ത്രത്തിൽ അഭിരുചി വളർത്തുക.
5. കുട്ടികളിൽ സമ്പാദ്യശീലം വളർത്തുന്നതോടൊപ്പം സമ്പത്തിന്റെ കാര്യക്ഷമമായ ഉപയോഗത്തെക്കുറിച്ച് ബോധവാന്മാരാക്കുക.
6. അക്കാദമിക പ്രവർത്തനങ്ങളിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളുടെ നിലവാരം ഉയർത്തുക.
7. നിത്യജീവിതത്തിലെ പ്രശ്നങ്ങളും പാരിസ്ഥിതിക പ്രശ്നങ്ങളും പരിഹരിക്കാനുള്ള ശേഷി കൈവരിക്കാൻ കുട്ടികളെ പ്രാപ്തരാക്കുക.

8) ആധുനിക വിവര സാങ്കേതിക വിദ്യകൾ സാമൂഹ്യ ശാസ്ത്ര പഠനത്തിന് ഉപയോഗപ്പെടുത്തുക.

9) വിദ്യാലയം പൊതുസ്വത്താണെന്ന് സമൂഹത്തെയും കുട്ടികളെയും ബോധ്യപ്പെടുത്തുക.

10) രാജ്യസ്നേഹം പൗരന്റെ അടിസ്ഥാന ധർമ്മമാണെന്ന് കുട്ടികളെ ബോധ്യപ്പെടുത്തുക.

## സാമൂഹ്യ ശാസ്ത്ര പ്രവർത്തനങ്ങൾ

1) പുരാവസ്തു ശേഖരവും പ്രദർശനവും

നാടിന്റെ മഹത്തായ പാരമ്പര്യവും പൈതൃകവും മനസ്സിലാക്കുന്നതിന്.

2) സാമൂഹ്യശാസ്ത്ര മേള – യു. പി.

SRG, PTA, മാനേജ്മെന്റ്, പബ്ലിക്

3) സാമൂഹ്യ ശാസ്ത്ര മ്യൂസിയം – ദീർഘകാലം

4) ചരിത്രസ്മാരകങ്ങൾ സംരക്ഷിക്കൽ

5) ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങൾ സംരക്ഷിക്കപ്പെടേണ്ടതാണെന്ന ബോധം സൃഷ്ടിക്കൽ. (തലശ്ശേരി കോട്ട, തൊടീക്കളം ക്ഷേത്രം, കണ്ണൂർ കോട്ട)

6) ബഹിരാകാശ പഠന ക്ലബ്ബ് – പ്രപഞ്ചത്തിലെ മാറ്റങ്ങളെ കുറിച്ചും

ജന്തുജാലങ്ങളെ കുറിച്ചും അറിവ് നേടൽ. (വാനനിരീക്ഷണം, സഹവാസക്യാമ്പ് 2 ദിവസം)

7) ചരിത്ര പുരുഷന്മാരുടെ പ്രതിമകൾ

- മഹാന്മാരുടെ സ്മരണകൾ നിലനിർത്താൻ (പൂർവ്വവിദ്യാർഥികൾ, S.S.A)
- ചരിത്ര ആൽബം നിർമ്മിക്കൽ.
- ചരിത്ര സംഭവങ്ങൾ ബന്ധിപ്പിക്കൽ
- time line
- ചിത്ര ശേഖരണം, വാർത്താ കുറിപ്പ്, ശേഖരണം, കുറിപ്പ് (വിവിധ സംഭവങ്ങൾ, മഹാന്മാർ)

8) ശാസ്ത്രോദ്യാനത്തിന്

9) വനയാത്ര, വനവത്കരണം, പ്രകൃതി സഹവാസ ക്യാമ്പ്

10) പ്രകൃതിയെ അറിയാനും പരിസ്ഥിതി സംരക്ഷണത്തിന്റെ പ്രാധാന്യം ബോധ്യപ്പെടുത്താനും. ആറളം, കണ്ണവം കാട്
P.T.A, Forest Officer

11) വാർത്താവായന – വാർത്ത ശേഖരിക്കാനും, സമഗ്രമായി വിലയിരുത്താനും അവതരിപ്പിക്കാനുമുള്ള ശേഷി വർധിപ്പിക്കൽ.

12) വാർത്താവായന – മത്സരം സംഘടിപ്പിക്കുന്നു.

13) സാമൂഹ്യ – ശാസ്ത്ര മേളയിൽ കുട്ടികളെ പങ്കെടുപ്പിക്കൽ.

ACE Scanner

# അടിസ്ഥാനശാസ്ത്രം.

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ക്ലാസ് | പിന്തുണ സംവിധാനം. |
|---|---|---|---|---|
| 1. കുട്ടികളെ പരിസ്ഥിതി, പ്രകൃതി സംരക്ഷണത്തിന്റെ ആവശ്യകതയെക്കുറിച്ച് ബോധവാൻമാരാക്കുക. | പരിസ്ഥിതി ക്ലബ്ബ് രൂപീകരണം, ജലസംരക്ഷണ പ്രവർത്തനങ്ങളിൽ വിദ്യാർത്ഥികളെ പങ്കാളികളാക്കൽ, പരിസര ശുചീകരണ പ്രവർത്തനങ്ങളിൽ വിദ്യാർത്ഥികളെ പങ്കാളികളാക്കൽ. | ജൂൺ മുതൽ ഡിസംബർ | 3-7 | ക്ലാസ് അധ്യാപകർ, എസ്. ആർ. ജി |
| 2. സ്കൂൾതല / ക്ലാസ് തല ശാസ്ത്ര ലാബ് സജ്ജീകരണം. | 4 മുതൽ 7വരെ ക്ലാസുകൾക്കാവശ്യമായി സ്കൂൾ ശാസ്ത്രലാബ് സജ്ജീകരിക്കൽ, പ്രത്യേക ശാസ്ത്ര പ്രവർത്തനങ്ങൾക്കായി ക്ലാസ്തല ലാബ് സജ്ജീകരിക്കൽ. | ജൂൺ മാർച്ച് | 4-7 | ശാസ്ത്രാധ്യാപകർ, എസ്.ആർ. ജി. |
| 3. സമ്പൂർണ്ണ പ്ലാസ്റ്റിക് രഹിത ക്യാമ്പസ്. | പത്രമാസികകൾ ഐ.സി.ടി വഴി പ്ലാസ്റ്റിക്കിന്റെ മലിനീകരണ ഭീകരത തിരിച്ചറിയൽ, സർവ്വേ, അഭിമുഖം വഴി വിവരശേഖരണം, സ്വയം തിരിച്ചറിവോടെ മാറുന്നു. ബോധവൽക്കരണത്തിലൂടെ കുടുംബത്തിലും സമൂഹത്തിലും അവബോധം വളർത്തുന്നു. | ജൂൺ സെപ്തംബർ | | ശാസ്ത്ര അധ്യാപകർ, എസ്.ആർ. ജി. |

ACE Scanner

| | | | | | |
|---|---|---|---|---|---|
| 4 | ശാസ്ത്രമേള ഒരുക്കം. | ശാസ്ത്ര മേളയിലെ വിവിധ മത്സരങ്ങളിൽ ക്വിസ് ഉൾപ്പെടെ കൂട്ടത്തിൽ അനുയോജ്യരായവരെ കണ്ടെത്തി ഒരുക്കൽ. | ജൂൺ സെപ്തംബർ. | 4-7 | ശാസ്ത്ര അധ്യാപകർ, സയൻസ് ക്ലബ്. |
| 5. | ശാസ്ത്ര മാസികകളും ലേഖനങ്ങളും പരിചയപ്പെടൽ. | ശാസ്ത്ര തല ക്വിസ് – സ്കൂൾ തലം – ക്ലാസ് തലം. മറ്റ് ശാസ്ത്ര മാസികകൾ | ജൂൺ മാർച്ച് | 4-7 | ശാസ്ത്ര അധ്യാപകർ, പ്രധാനാധ്യാപകൻ, പി.ടി.എ |
| 6. | ശാസ്ത്ര ക്ലബ്ബ് പ്രവർത്തനം – സജീവത നിലനിർത്തൽ. | മുഴുവൻ കുട്ടികളുടെയും പങ്കാളിത്തം ഉറപ്പാക്കൽ, ശാസ്ത്ര ദിനങ്ങൾ - ബോധവൽക്കരണം, ക്വിസ്, ചോദ്യോത്തരപ്പെട്ടി. | ജൂൺ മാർച്ച് | 4-7 | ശാസ്ത്ര അധ്യാപകർ, സയൻസ് ക്ലബ്. |
| 7. | നല്ല ആരോഗ്യ ശീലങ്ങൾ വളർത്തൽ. | എല്ലാ കുട്ടികൾക്കും നല്ല ആരോഗ്യ ശീലങ്ങൾ വളർത്തുന്നതിന് ബോധവൽക്കരണം. മുതിർന്ന കുട്ടികളുടെ സഹകരണത്തോടെ മോണിറ്ററിംഗ്, ആരോഗ്യവകുപ്പ്, എക്സൈസ് വകുപ്പ് എന്നിവരുടെ നേതൃത്വത്തിൽ ബോധവൽക്കരണ ക്ലാസ്, ഐ. സി. ടി. ഉപയോഗിച്ച് ആരോഗ്യ പരിപാലന ക്ലാസ്. | ജൂൺ സെപ്തംബർ | 4-7 | ശാസ്ത്ര അധ്യാപകർ, സയൻസ് ക്ലബ്. പ്രധാനാധ്യാപകൻ, ആരോഗ്യവകുപ്പ്, എക്സൈസ് വകുപ്പ്. |

ACE Scanner

| | | | | | |
|---|---|---|---|---|---|
| 8 | വിഷരഹിത ഭക്ഷണം അവകാശമാക്കൽ. | സ്കൂൾ സ്ഥലത്ത് പച്ചക്കറി ഉല്പാദനം, ഔഷധത്തോട്ട നിർമ്മാണം, ജൈവ പന്തൽ നവീകരണം, പൂന്തോട്ടവൽക്കരണം. | സപ്തംബർ, മാർച്ച് | 4-7 | സയൻസ് അധ്യാപകർ, ഗൈഡ്സ്, ബുൾ-ബുൾ |
| 9. | പ്രകൃതിയെ അറിയാൻ. | ബേർഡ്സ് ക്ലബ്ബ്, ജൈവ സമ്പത്ത് സംരക്ഷണം, ഔഷധ സസ്യ സംരക്ഷണം, നിരീക്ഷണം, ശേഖരണം, പതിപ്പ് നിർമ്മാണം. | സപ്തംബർ ഫിബ്രവരി | 4-7 | മുഴുവൻ അധ്യാപകർ. പി.ടി.എ |
| 10. | ഊർജ്ജസംരക്ഷണ പ്രവർത്തനങ്ങൾ. | ഊർജ്ജസംരക്ഷണത്തിന്റെ ആവശ്യകത ബോധ്യപ്പെടൽ, ഊർജ്ജ സംരക്ഷണശീലം വളർത്താനുള്ള ബോധവൽക്കരണം, മറ്റുള്ളവർക്ക് മാതൃകയാകാൻ. | ജൂൺ സപ്തംബർ. | 1-7 | മുഴുവൻ അധ്യാപകർ. |
| 11. | ജ്യോതിശാസ്ത്ര തല്പരത വളർത്തൽ. | നക്ഷത്ര നിരീക്ഷണ ക്യാമ്പ്. | ജനുവരി. | 4-7 | മുഴുവൻ അധ്യാപകർ, പി.ടി.എ. |

ACE Scanner

# ഗണിതശാസ്ത്രം

| | ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ക്ലാസ് | പിന്തുണ സംവിധാനം |
|---|---|---|---|---|---|
| 1 | എണ്ണൽ എന്ന ഗണിതാശയം സംഖ്യാബോധം രൂപീകരിക്കൽ | അക്കകാർഡ് അക്കങ്ങൾക്ക് പിന്നിൽ അളവ് ഉണ്ടെന്ന് ബോധ്യപ്പെടുത്തുന്ന പ്രവർത്തനങ്ങൾ, എണ്ണൽ പഠിപ്പിക്കുന്നത്, എണ്ണം തിരിച്ചറിയുന്നത് | ജൂൺ മുതൽ ഒക്ടോബർ | 1-4 | ക്ലാസ് അധ്യാപകർ എസ്. ആർ ജി. |
| 2. | കൂട്ടലും കുറയ്ക്കലും പരിശീലിപ്പിക്കുന്നതിന് | സങ്കലനകാർഡ് കാർഡ് മേളനം. ഡൈസ് കളി. വർക്ക് ഷീറ്റ്. | ജൂൺ മുതൽ ഒക്ടോബർ. | 2-4 | ക്ലാസ് അധ്യാപകർ എസ്. ആർ ജി. |
| 3. | ഗുണനക്രിയ മനക്കണക്കുകൾ ജ്യാമിതീയ ചിന്തകൾ പരിപോഷിപ്പിക്കൽ. | ഗുണനം ആവർത്തന സങ്കലനമാണെന്ന് ബോധ്യപ്പെടുത്തുന്ന പ്രവർത്തനങ്ങൾ, വർക്ക് ഷീറ്റ്, കൂട്ടലും ഗുണിക്കലും ബന്ധപ്പെടുത്തി മനക്കണക്കുകളും പ്രയോഗിക്ക പ്രവർത്തനങ്ങളും നൽകൽ. ലഘുവായ ജ്യാമിതീയ രൂപങ്ങളുടെ ചുറ്റളവ് വ്യക്തമാക്കുന്നു. | ജൂൺ മുതൽ ഡിസംബർ വരെ. | 3-7. | ക്ലാസ് അധ്യാപകൻ, എസ്. ആർ. ജി |

ACE Scanner

| | | | | | |
|---|---|---|---|---|---|
| 4. | ഹരണക്രിയ മറ്റടിസ്ഥാനക്രിയകളുടെ തുടർ പ്രവർത്തനങ്ങൾ പാറ്റേണുകളുടെ ഗണിത ചിന്തകൾ | ഹരണം ആവർത്തിച്ചുള്ള കുറയ്ക്കലാണ്. ശിഷ്ടം എന്ന ഗണിതാശയം ബോധ്യപ്പെടുത്തിക്കൊണ്ട് തയ്യാറാക്കുന്ന വർക്ക് ഷീറ്റുകൾ കൂട്ടലും കുറയ്ക്കലും ഹരിക്കലും ബന്ധപ്പെടുത്തി മനക്കണക്കുകളും പ്രായോഗിക പ്രവർത്തനങ്ങളും ഹരണം പങ്ക് വെയ്ക്കലാണെന്ന് ബോധ്യപ്പെടുത്തുന്ന പ്രവർത്തനങ്ങൾ. | ജൂൺ മുതൽ മാർച്ച് | 4<br>7 | ക്ലാസ് അധ്യാപകർ എസ്. ആർ ജി. |
| 5 | അടിസ്ഥാന ജ്യാമിതീയ രൂപങ്ങൾ പരിചയപ്പെടുത്തൽ. | ചതുരം, സമചതുരം, ത്രികോണം, വൃത്തം എന്നിവ പരിചയപ്പെടൽ, രൂപങ്ങൾ തയ്യാറാക്കൽ. | ജൂൺ മുതൽ ഒക്ടോബർ. | 3<br>7 | ക്ലാസ് അധ്യാപകർ എസ്. ആർ ജി. |
| | | | | | |

PDF Scanner ACE Scanner

| | | | | | |
|---|---|---|---|---|---|
| 6 | അടിസ്ഥാന ജ്യാമിതീയാശയങ്ങൾ പരിശീലിക്കുന്നതും, പ്രയോഗിക്കുന്നതും. | ത്രികോണം ചതുരം, സമചതുരം എന്നിവയുടെ പരപ്പളവും, ചുറ്റളവും കണക്കാക്കുന്ന പ്രവർത്തനങ്ങൾ ജ്യോമെട്രിക്കൽ ചാർട്ടുകൾ തയ്യാറാക്കൽ. | ജൂൺ മുതൽ മാർച്ച് | 4-7 | ക്ലാസ് അധ്യാപകൻ എസ് ആർ ജി. |
| 7. | സംഖ്യാ ക്രിയകൾ പാറ്റേൺ രൂപീകരിക്കൽ, നമ്പർ ചാർട്ട് നിർമ്മാണം ചിന്തയിലൂടെ ഗണിത വൽക്കരണം. | അടിസ്ഥാന സംഖ്യാ ക്രിയകൾ ഉപയോഗിച്ചുള്ള പ്രായോഗിക പ്രശ്നങ്ങൾ, സംഖ്യാ പാറ്റേണുകൾ കണ്ടെത്താനുള്ള പ്രവർത്തനങ്ങൾ, നമ്പർചാർട്ട് നിർമ്മാണക്കുറി. | ജൂൺ മുതൽ മാർച്ച് | 5-7 | ക്ലാസ് അധ്യാപകൻ എസ് ആർ ജി. |
| 8 | ഗണിത പഠനം തനത് പ്രവർത്തനങ്ങളിലൂടെ മുന്നേറുന്നത്. | ഐ.ടി ഉപയോഗിച്ച് നിർമ്മിതികൾ, പസിലുകൾ, പാറ്റേണുകൾ കടങ്കഥകൾ വസ്തുക്കളുടെ നിർമ്മാണം. | ജൂൺ മുതൽ മാർച്ച് | 5-7 | ക്ലാസ് അധ്യാപകൻ എസ് ആർ ജി |
| 9 | തനത് പ്രവർത്തനങ്ങളുടെ ശില്പശാല | നമ്പർ ചാർട്ട് ജ്യോമെട്രിക്കൽ ചാർട്ട് മോഡലുകൾ എന്നിവ നിർമ്മിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ. | ആഗസ്റ്റ് മുതൽ ഡിസംബർ | 5-7 | ക്ലാസ് അധ്യാപകൻ എസ് ആർ ജി. |

ACE Scanner

# കല . പ്രവൃത്തി , ആരോഗ്യം , കായികം ശുചിത്വം

## ലക്ഷ്യങ്ങൾ

1. കലാപരമായ കഴിവ് കണ്ടെത്തി പരിപോഷിപ്പിക്കുക.
2. കായിക ക്ഷമതയുള്ള പുത്തൻ തലമുറയെ വാർത്തെടുക്കൽ.
3. ശാരീരിക മാനസിക വികാസമാർജ്ജിച്ച പുത്തൻ തലമുറയെ സൃഷ്ടിക്കൽ.
4. കരിക്കുലം വിഭാവനം ചെയ്യുന്ന ശേഷി കൈവരിക്കൽ.

| | ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ക്ലാസ് | പിന്തുണ സംവിധാനം |
|---|---|---|---|---|---|
| 1 | അടിസ്ഥാന ശാരീരിക കായിക ക്ഷമതകൾ നേടുക. | ഓരോ കുട്ടിയുടെയും കായിക ക്ഷമതകൾ തിരിച്ചറിയൽ ഓട്ടം, ചാട്ടം, വസ്തുക്കൾ എറിയൽ, ഉരുളൽ, ചാട്ടം, ദൂരത്തിലേക്കുള്ള ചാട്ടം; താള താളാത്മകമായി ചെയ്യുന്ന വ്യായാമ മുറകൾ | ജൂൺ ആഗസ്റ്റ് | 1-7 | കായിക അധ്യാപിക ഷെസ്നൂർ ജി. |
| 2. | കരിക്കുലം വിഭാവനം ചെയ്യുന്ന ശേഷി കൈവരിക്കൽ | അത്‌ലറ്റിക്സ്, പരിശീലനം, സ്കിപ്പിംഗ്, ജിംനാസ്റ്റിക്സ് ആഹാരത്തിലെ മാറ്റങ്ങളെക്കുറിച്ച് അറിവ് നേടൽ | ജൂൺ മുതൽ മാർച്ച് | 1-7 | കായിക അധ്യാപിക ഷെസ്നൂർ ജി. |

ACE Scanner

| | | | | | | |
|---|---|---|---|---|---|---|
| | | | ശാരീരികം, മാനസികം, ബുദ്ധിപരം സാമൂഹികപരം വൈകാരികം എന്നീ മേഖലകളിൽ വളർച്ച കൈവരിക്കൽ വ്യക്തിത്വ വികസന ക്ലാസുകളിൽ വോളിബോൾ, ഫുട്-ബോൾ, കോച്ചിംഗ് ക്ലാസുകൾ. ശുചിത്വ ആരോഗ്യ ക്ലാസ്സ് | | | |
| 3 | 3 | കുട്ടികളിലെ കലാപരമായ കഴിവുകൾ പരിപോഷിപ്പിക്കുക. | കഥ കവിത, ശില്പശാല സാഹിത്യസമാജം സംഗീതശില്പശാല നൃത്തക്ലാസ്, നാടകക്കളരി, സംഗീതജ്ഞരുമായി മേളക്കാരുമായി | | | |
| | 4 | കുട്ടികളിൽ ശുചിത്വബോധം വളർത്തൽ | വ്യക്തിശുചിത്വം, പരിസരശുചിത്വം, സമൂഹശുചിത്വം, ബോധവൽക്കരണം പോസ്റ്റർനിർമ്മാണം ആരോഗ്യക്ലാസ് ഫീൽഡ്ട്രിപ്പ് ICT | ജൂൺ മുതൽ മാർച്ച് | 1-7 | പരിസ്ഥിതി ക്ലബ് P.T.A ക്ലാസ്ടീച്ചർ |

PDF Scanner ACE Scanner